Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 18 Vol. 02 February 2025



ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫാർമസിസ്റ്റ്സ് ഓർഗനൈസേഷൻസ് (FIPO)
സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലോക ഫാർമസിസ്റ്റ് ദിനാചാരണം
ബഹു. കേരള ഗവണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യുന്നു.




ഓൾ ഇന്ത്യ ഗവൺമെന്റ്, പ്രൈവറ്റ് സെക്ടർ ഫാർമസിസ്റ്റ് അസോസിയേഷൻ
നാഷണൽ എക്സിക്യൂട്ടീവ് കൗൺസിൽ മീറ്റിംഗ്



സ്പെഷ്യൽ റൂൾസ് ചർച്ച




എസ്.പി.ഒ. സംഘടിപ്പിച്ച വാർഷിക ജനറൽ ബോഡി യോഗം

Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 18 Vol. 02 February 2025

Managing Editor :
**S. VIJAYAKUMAR**

Printer & Publisher :
**M. S. MANOJ KUMAR**

Editor:
**MANOJ T. G.**
E-mail: manojpmst@gmail.com
Ph: 9747594837

Editorial Board:
**ABHILASH JAYARAM**
**D. N. ANITHA**
**K. P. SAJEER**
**S. RAJESH KUMAR**
**K. T. SADANANDAN**
**SREEVIDYA K G.**
**SREELESH P.**

Layout & Printing
**Alwaye Press, Aluva**
0484-2623318

## ഉള്ളടക്കം


- എഡിറ്റോറിയൽ — 02
  മനോജ് ടി. ജി.
- പുതുവർഷത്തിൽ പുതുനേട്ടങ്ങളോടെ — 03
  എസ്. വിജയകുമാർ (പ്രസിഡന്റ്)
- പുതിയ തസ്തികകൾ - സമർത്ഥമായ സംഘടനാപ്രവർത്തനം — 05
  മനോജ്കുമാർ എം.എസ്. (ജനറൽ സെക്രട്ടറി)
- ലോക ഫാർമസിസ്റ്റ് ദിനാഘോഷം റിപ്പോർട്ട് 2024 — 07
  എം. കെ. പ്രേമാനന്ദൻ
- ഫാർമാട്രിക്സ് - ശ്രീകുമാർ ആലപ്പുഴ — 09
- Irrational Combinations of Drugs: A Threat to Public Health — 10
  Divine P Daniel
- വീണ്ടും പറക്കുന്ന പ്രാവ് (കഥ) വിപിനചന്ദ്രൻ പി പി — 12
- മടക്കയാത്ര (കഥ) കിഷോർ പി — 13
- ഇന്ന് (കവിത) കലാ വൈ പവിത്രൻ — 14
- നിവേദനങ്ങൾ — 15
- ജില്ലാ വാർത്തകൾ — 16
- സാബു ഭുവനചന്ദ്രൻ സർവ്വീസിൽ നിന്നും വിരമിച്ചു — 17
  ശ്രീകുമാർ കെ. ജി.
- ടി.ജി. ഷൈൻ: അപൂർവ്വ മേഖലകളിൽ തിളങ്ങിയ ഫാർമസിസ്റ്റ് — 18
- സർവ്വീസിൽ നിന്നും വിരമിച്ചവർ — 20


www.kgpa.co.in



# എഡിറ്റോറിയൽ

**മനോജ് ടി. ജി.** എഡിറ്റർ



ഗവ. ആശുപത്രികളിലെ ജനകീയ മുഖമായ ചുമ മരുന്ന്, കാർമിനേറ്റീവ് മരുന്ന് എന്നിവ നിരോധിക്കപ്പെട്ടു. മാസങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും ഫാർമസിക്ക് മുന്നിൽ ഉപേക്ഷിക്കപ്പെട്ട കുപ്പികൾ ചുമന്ന് മാറ്റുന്നുണ്ട് ജീവനക്കാർ... ഓർമ്മവച്ച കാലം മുതലേ കുടിക്കുന്ന മരുന്നുകൾ വേണ്ടെന്ന് വയ്ക്കുന്നത് പുതിയ കാലത്തിന്റെ ആവശ്യകത തന്നെയാണ്. മെച്ചപ്പെട്ട ചേരുവകൾ ഇത്തരം രോഗങ്ങൾക്ക് ഉണ്ട് എന്നതും വാസ്തവം തന്നെ. മരുന്നുകൾക്ക് സൈഡിലായി വെള്ളം ചേർത്ത് കലക്കിവെച്ച വലിയ കുപ്പികളെ ഓർക്കാതെ പോവില്ല ഒരാളും... കുടഞ്ഞ് നോക്കിയും, മണത്ത് നോക്കിയും ഗുണനിലവാരം നിരീക്ഷിച്ച് പകർത്തി നൽകി യാത്രയാക്കപ്പെട്ട വൃദ്ധരുടെ മുന്നിൽ ഇനിയില്ല എന്ന വചനം വിമ്മിട്ടപ്പെടുന്നതായി തികട്ടിവരുന്നു. നിരോധിക്കപ്പെട്ടവ വെയർ ഹൗസിൽ നിന്ന് ഇറക്കിവച്ച് പിന്നെ ഉത്തരവുകൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെടുന്ന വർത്തമാനകാല വിരോധാഭാസം നമ്മളെ വട്ടംകറക്കുന്നു. വ്യക്തമായ ഉത്തരവ് വരും എന്ന പ്രതീക്ഷയിൽ കാത്തിരിക്കുമ്പോൾ പതിയെ കാലഹരണപ്പെടുന്ന മരുന്നിന്റെ പഴയ മണം ഫാർമസിസ്റ്റ് മാത്രം അനുഭവിക്കുന്നു... ഉണ്ടായിട്ടും... 'ഇല്ല' എന്ന് പറയേണ്ടിവരുന്ന അവസ്ഥ... പകരക്കാരൻ ഉണ്ട് എന്ന് പറയുമ്പോൾ... ഇത്ര ഗുണനിലവാരവും ജനപ്രീതിയും ഉള്ള ഒരു പേരിനുവേണ്ടി ഫാർമസികൾ അധമരാകുന്നുണ്ട്... കുടിച്ച് മാറ്റിയ ചുമകൾ അറിയാതെ പോവട്ടെ പുതിയ തീരുമാനങ്ങൾ...

പുതിയ ഇൻഡെന്റ് വർഷത്തിൽ അധികം തുകകൾ കൂട്ടിച്ചേർത്തിട്ടുണ്ട് മിക്ക സ്ഥാപനങ്ങൾക്കും... സംഘടനയുടെ നിരന്തര ആവശ്യമായിരുന്നു കൂടുതൽ മരുന്നുകൾ. മരുന്നില്ലാതെ വരുമ്പോൾ കേൾക്കുന്ന ശാപവചനങ്ങൾക്ക് മുകളിൽ വിരിച്ച പുതപ്പാണ് പുതിയ തീരുമാനം. LSGD പദ്ധതികളെ അധികം ആശ്രയിക്കാതെ സമ്പന്നമാവണം നമ്മുടെ വെയർ ഹൗസുകളും, സ്റ്റോറുകളും... ബാക്കിയാക്കപ്പെട്ട പദ്ധതിവിഹിതം കൊണ്ട് രണ്ട് ഫാർമസിസ്റ്റുകളെ നിയമിക്കാൻ പറ്റുന്ന നിയമനിർമ്മാണമാണ് ഇനി ആവശ്യം... വൈകാതെ മറ്റൊരു ഉത്തരവ് പഴയതിനെ മായ്ക്കും എന്ന് പ്രതീക്ഷിക്കാം...

# പുതുവർഷത്തിൽ പുതുനേട്ടങ്ങളോടെ



സംസ്ഥാന പ്രസിഡന്റ്

**എസ്. വിജയകുമാർ**

**കെ.**ജി.പി.എ. ഒരു സംഘടനാ വർഷം കൂടി പൂർത്തീകരിക്കുകയാണ്. സംഘടനാവേദികളിലും അണികൾക്കിടയിലും പ്രവർത്തനവുമായി പോവുമ്പോൾ നിരന്തരം കേൾക്കുന്ന ചോദ്യമാണ് ഈ സംഘടനയെക്കൊണ്ട് ഞങ്ങൾക്ക് എന്ത് നേട്ടമെന്ന്. പ്രകടമായി എന്താണ് നിങ്ങൾ നേടിത്തന്നത് എന്ന്. പ്രത്യേകിച്ച് പുതിയ തലമുറയിൽ നിന്നാണ് ഈ ചോദ്യം വരുന്നത്.

പുതിയ പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട് DHS ന് മുന്നിൽ നമ്മൾ നടത്തിയ ധർണ്ണ മുതൽ കോടതികളിൽ നിരന്തരമായി കേസിനും KGPA പോയിട്ടുണ്ട്. പലപ്പോഴും ശരിയാവും എന്ന പ്രതീക്ഷയിൽ നിന്ന് തെന്നി നിരാശയിലേക്ക് പോയിട്ടുണ്ട്.

നമ്മുടെ ഗവ. ആശുപത്രികളിൽ പുതിയ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാതെ പറ്റില്ല എന്ന അവസ്ഥ സംജാതമായിട്ട് 5 വർഷത്തോളമാവുന്നു. കുടുംബാരോഗ്യകേന്ദ്രങ്ങളുടെ ആവിർഭാവത്തോടെ... അതിന്റെ ദീർഘിപ്പിച്ച പ്രവർത്തന സമയ മികവോടെ... എണ്ണമറ്റ തദ്ദേശ പദ്ധതികളുടെ ആവിർഭാവത്തോടെ... ഒക്കെ രോഗീസൗഹാർദ്ദ അന്തരീക്ഷവും... മരുന്നുകളും ലഭ്യമാവുമ്പോൾ ഒരു കോടി പേരെ മാത്രം ആകർഷിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ന് ജനസംഖ്യയുടെ 75 ശതമാനത്തിന് മേലെ സാധാരണക്കാർക്കും മറ്റുള്ളവർക്കും അത്താണിയാവുന്നു.

രോഗികളിൽ 95% ത്തിന് മേൽ ആശുപത്രിയെ സമീപിക്കുന്നത് ചികിത്സയ്ക്കും മരുന്നിനുമാണല്ലോ. മരുന്ന് മാർക്കറ്റിലെ കൊയ്ത്തുകാർ ശതമാനക്കണക്കിട്ട് പരസ്യമായി റോഡിൽ വിലസുമ്പോൾ പോക്കറ്റ് കാലിയാവുന്നത് സാധാരണക്കാർക്കാണ്. പ്രൈവറ്റ് മേഖലയിൽ നിന്ന് നിരന്തര ചൂഷണത്തിന് വിധേയരാവുന്നവരുടെ സംരക്ഷണമാണ് നമ്മൾ ഒരുക്കുന്നത്... അതിനാലാണ് ഫാർമസിക്ക് മുന്നിലെ നീണ്ട ക്യൂ... പഞ്ചായത്ത് തലത്തിലും നഗരസഭാ തലത്തിലും ഏറ്റവും അധികം ചർച്ച ചെയ്യുന്ന ഒന്നായി ഫാർമസി സർവ്വീസ് മാറിയിട്ടുണ്ട്... ആളനുപാതത്തിന് അനുസരിച്ച് തസ്തികകൾ വളർന്നില്ലെങ്കിൽ സംഭവിക്കുന്നത്... മരുന്നുകൾ മാറി നൽകലോ... സംഘർഷങ്ങളോ ആയിരിക്കും.

ഉള്ള മരുന്ന് കൊടുത്ത് തീർക്കാൻ പറ്റാതെ വിഷമിക്കുന്നവന്റെ മനസ്സിലെ വികാരങ്ങളോട് ഇപ്പോൾ സംഘടനാ പ്രവർത്തനത്തിന്റെ മികവ് നീതി പുലർത്തിയിട്ടുണ്ട്. അതുകൊണ്ടാണ് 250 തസ്തിക നമുക്ക് അനുവദിച്ചുകിട്ടിയത്.

ആർദ്രം സാക്ഷാത്കരിക്കാനായി അന്ന് നമുക്ക് നീക്കിവച്ചത് 170 തസ്തികകൾ ആണ്. സംസ്ഥാനത്ത് വളരെ കുറച്ച് FHC കൾ മാത്രമേ അന്ന് പ്രവർത്തിക്കുന്നുണ്ടായിരുന്നുള്ളൂ. പക്ഷെ, ഇന്ന് കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും കുടുംബാരോഗ്യകേന്ദ്രങ്ങൾ ആയപ്പോൾ ഇപ്പോൾ ലഭിച്ചത് അടക്കം നോക്കിയാൽ വേണ്ടത്രയുണ്ട് എന്ന് പറയാൻ പറ്റില്ല...

ഇതിനായിതന്നെ KGPA നിവേദനങ്ങളും, ബോധ്യപ്പെടുത്തലുകളും, സമ്മർദ്ദതന്ത്രങ്ങളും, ചർച്ചകളും പുറമെ അനിവാര്യമായ തീരുമാനങ്ങൾ വേണം എന്ന രാഷ്ട്രീയ സമ്മർദ്ദവും തസ്തിക അനുവദിക്കലിന്റെ പിറകെയുണ്ട്. പണി മടുത്ത്... പണിയെടുത്ത് നിരാശരായി അടു

ത്തൂൺ പറ്റിയവരെ നമ്മൾ ഓർക്കണം. നമ്മൾ മുഴക്കിയ ആവശ്യങ്ങൾ ഇന്നലെകളിലെ ശരിയായിരുന്നു. ഇന്നത്തെ സത്യമാവുന്നു.

സേവനത്തിന്റെ മേച്ചിൽപുറങ്ങളിൽ തസ്തിക നിർണ്ണയം ഇനിയും ഏറെ നടക്കേണ്ട ഒരു പേരാണ് ഫാർമസിസ്റ്റ് എന്നത്.

സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിൽ സ്ഥിരം തസ്തിക രണ്ടാക്കണം. നിലവിലെ NHM/HMC/ LSGD തസ്തികകൾ നിലനിർത്തണം. CHC വളർന്ന് താലൂക്ക് ആശുപത്രിയായി ഉയർത്തുമ്പോൾ PSK തസ്തിക മാത്രം കാണാനില്ല. 2 കോടിക്ക് മുകളിൽ Fincap ഉള്ള സ്ഥാപനങ്ങളിൽ സ്റ്റോർ സൂപ്രണ്ട് വേണം.

എല്ലാ സ്ഥാപനങ്ങളിലും Fincap അനുവദിച്ച തസ്തികകൾ ഉണ്ടാവണം. CHC കളിൽ ഒന്ന് GR-I ആയിരിക്കണം. പ്രൊമോഷൻ അതിവേഗം നടക്കുകയും അവർക്ക് പരമാവധി സ്വന്തം ജില്ലയോ... അടുത്ത ജില്ലയോ സ്വീകരിക്കാൻ പറ്റുന്ന തലത്തിൽ ഫാർമസി മേഖല വിപുലമാക്കപ്പെടണം.

ഇത് പറയുമ്പോൾതന്നെ, നമ്മൾ കാസർഗോഡ് SVO ടീമിനെ പറ്റി പറയാൻ തുടങ്ങിയിട്ട് എത്ര നാളായി. ESI മേഖലയിൽ പല ജില്ലകളിലും റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമനങ്ങൾ നടന്ന് തുടങ്ങിയത് അവരുടെ ഡെപ്യൂട്ടേഷൻ പ്രശ്നങ്ങൾക്ക് പരിഹാരമാവും. വൈകി എന്ന് തോന്നിയിടത്തൊക്കെ വേഗം വരുത്താൻ കെ.ജി.പി.എ. ഇടപെട്ടിട്ടുണ്ട്.

കേരളത്തിലെ അഞ്ച് സർക്കാർ ഡെന്റൽ കോളേജുകളിലെ ഫാർമസി വിംഗ് രൂപീകരണം അടിയന്തിരമായി നടപ്പിലാക്കണം എന്ന് Drugs Controller സർക്കാരിന് അന്ത്യശാസനം നൽകിയിട്ടും പ്രതിപക്ഷ MLA മാർ നിയമസഭയിൽ ചോദ്യം ചെയ്തിട്ടും ഈ അഞ്ച് ജില്ലകളിലെ പ്രിൻസിപ്പൽമാരോട് ഫാർമസിസ്റ്റുകളെ പുനർവിന്യസിക്കാൻ ഉണ്ടോ എന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആരാഞ്ഞതല്ലാതെ മറ്റൊന്നും നടന്നിട്ടില്ല.

ഫാർമസിസ്റ്റ് എന്ന നാമം പുനർനിർവചിക്കാനോ... പുതിയ പേരിട്ട് വിളിക്കാനോ സംഘടന ശ്രമിക്കുകയാണ്. സമാന കാറ്റഗറികൾക്ക് ലഭിച്ചത് നമ്മൾ ചോദ്യം ചെയ്യുമ്പോൾ നമ്മളെ മാത്രം അകറ്റിനിർത്താൻ ആരോ ശ്രമിക്കുന്നുണ്ട്. സ്പെഷ്യൽ റൂൾ ചർച്ചയ്ക്കായി നമ്മളെയും വകുപ്പ് ക്ഷണിച്ചിരുന്നു. മികച്ച രീതിയിൽ കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ സ്റ്റോർ കീപ്പർ തസ്തികകളും ബാക്കിയുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രണ്ടാമത്തെ ഫാർമസിസ്റ്റികളും ഇനിയും പുതിയ നിയമനങ്ങളായി നമ്മൾ പ്രതീക്ഷിക്കുന്നു.

2025 പ്രതീക്ഷാനിർഭരമായ ഒരു വർഷമാണ് എന്ന സൂചന 250 പുതിയ തസ്തികകൾ എന്നതിൽ നിന്ന് ആരംഭിക്കട്ടെ. ഒരുപാട് നേടാനുള്ളവർക്ക് മുന്നിൽ വലിയ സന്തോഷങ്ങൾ ഇനിയും ഈ വർഷം പ്രതീക്ഷിക്കാം...





# പുതിയ തസ്തികകൾ – സമർത്ഥമായ സംഘടനാപ്രവർത്തനം

**മനോജ്കുമാർ എം.എസ്.**

ജനറൽ സെക്രട്ടറി

KGPA എന്ന സംഘടനക്കും ഫാർമസിസ്റ്റുകൾക്കും ചരിത്ര നേട്ടം! ദീർഘകാലമായി ഫാർമസിസ്റ്റുകൾ അനുഭവിച്ചു വരുന്ന അവഗണനകൾക്കവസാനം സ്വാന്തനം എന്നോണം 250 ഫാർമസിസ്റ്റ് തസ്തികകൾ. ആശങ്കകളോടും മാനസിക സമ്മർദ്ദങ്ങളോടും പടവെട്ടി ആത്മവിശ്വാസത്തോടെ തങ്ങളുടെ കർമ്മമണ്ഡലങ്ങളിൽ തിളങ്ങി മുന്നേറാൻ നമ്മളെ പ്രാപ്തമാക്കിയ ഈ നേട്ടങ്ങൾക്ക് പിന്നിൽ പലരോടും ഒപ്പം KGPA എന്ന സംഘടന നടത്തിയ പ്രവർത്തനത്തിന്റെ നാൾവഴികളിലൂടെ പുതിയ തലമുറയിലെ അംഗങ്ങൾ ശ്രദ്ധാപൂർവ്വം കണ്ണോടിക്കേണ്ടിയിരിക്കുന്നു ആരോഗ്യ വകുപ്പിൽ 250 ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കാനുള്ള കേരള സർക്കാരിന്റെ തീരുമാനം കേരളത്തിലെ ഫാർമസിസ്റ്റുമാർക്ക് അങ്ങേയറ്റം ആശ്വാസകരമാണ്. തീർച്ചയായും സർക്കാരിന്റെ ഈ നടപടിക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്താനാണ് ഈ തസ്തികകൾ അനുവദിക്കുന്നത്. ആരോഗ്യ സംരക്ഷണ മേഖലയിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ട് ഗുണനിലവാരമുള്ള സേവനം പൊതു സമൂഹത്തിന് പ്രധാനം ചെയ്യുന്ന ഫാർമസി വിഭാഗത്തിന്റെ നാളുകളായുള്ള ന്യായമായ ഒരു ആവശ്യമായിരുന്നു നാലു മണി വരെ പ്രവർത്തിക്കുന്ന പ്രാഥമിക/കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചുരുങ്ങിയത് രണ്ട് ഫാർമസിസ്റ്റ്, 6 മണി വരെ പ്രർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 3 ഫാർമസിസ്റ്റ് , സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നാല് ഫാർമസിസ്റ്റ് എന്നത്, ഇത് ഫാർമസി മേഖലയുടെ സമഗ്ര പരിഷ്കരണത്തിനും ആരോഗ്യ വകുപ്പിന്റെ അടിസ്ഥാനശാക്തീകരണത്തിനും വഴിയൊരുക്കുന്നതാണ് എന്നതിൽ ഒരു സംശയവും വേണ്ട .മേൽ ആശയത്തിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ സർക്കാർ ഒരുആർദ്രം ഒന്നാംഘട്ടത്തിൽ 170 FHC കൾ അനുവദിച്ചപ്പോൾ ഡോക്ടർ, നഴ്സ് തസ്തികകൾ മാത്രം അനുവദിച്ചപ്പോൾ ഒരു ഫാർമസിസ്ററ് തസ്തികയും അനുവദിച്ചിരുന്നില്ല. അക്കാലത്തു ശക്തമായ പ്രതിഷേധം സർക്കാർ ഫാർമസിസ്റ്റുമാർക്ക് ഉണ്ടായെങ്കിലും, നിരാശരാകാതെ അന്നത്തെ ആർദ്രം കൺസൽട്ടന്റ് ഡ. പി.കെ. ജമീല, അന്നത്തെ ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരുടെ സഹായത്തോടെ തസ്തികകൾക്കുള്ള വളരെ ശ്രദ്ധയോടെ തുടർപ്രവർത്തനം നടത്തികൊണ്ടിരുന്നു. FHC കളിൽ രണ്ടാമത്തെ ഫാർമസിസ്റ്റ് തസ്തിക വളരെ അത്യാവശ്യമാണെന്ന യാഥാർഥ്യം അവർക്കു ബോധ്യവുമായിരുന്നു. അന്നത്തെ ചില അധികാരികൾ അപ്പോഴും കേവലം നിയമപരമായ ബാധ്യതക്കു ഒരു ഫാർമസിസ്റ്റ് മതിയെന്നും സഹായിക്കാൻ ആവശ്യസത്തിനു നഴ്സുമാർ ഉണ്ടല്ലോ എന്നുമാണ് പറഞ്ഞിരുന്നത്. ഫാർമസിസ്റ്റുമാരുടെ ആവശ്യങ്ങൾ പരിഗണിക്കാതെ ആരോഗ്യ ഉപകേന്ദ്രങ്ങളിലൂടെ ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ഫാർമസിസ്റ്റ് അല്ലാത്ത ജീവനക്കാർ വിതരണം ചെയ്യാനുള്ള ഫാർമസി ആക്ടിനു വിരുദ്ധമായ ഉത്തരവിനെതിരെ രേഖാമൂലവും സമര പരിപാടികളിലൂടെയും പ്രതിഷേധിച്ചിട്ടും ഫലമില്ലാതെ വന്നപ്പോൾ KGPA നേരിട്ട് ഇടപെട്ടുകൊണ്ട് കേസ് നൽകുകയും അനുകൂല വിധി വരുകയും ചെയ്തു. സർക്കാരിനെതിരെ കേസ് നടത്തിയതിനാൽ തസ്തിക തരില്ല എന്ന് അന്നത്തെ ചില അധികാര കേന്ദ്രങ്ങൾ സംഘടനാനേതാക്കളോടു പറയുകയും ചെയ്തിരുന്നു. രാജ്യത്ത് നിലനിൽക്കുന്ന ഒരു നിയമം നടപ്പി

ലാക്കണം എന്ന ഒരു പൊതു താൽപര്യം ചൂണ്ടി ക്കാണിക്കുകയും, അത് നടപ്പാകാത്തതിലുള്ള പ്രതിഷേധം അറിയിക്കുകയും ഒരു പൗരന്റെ കടമ മാത്രമാണ് ഒരുപാട് പൗരൻമാരുടെ ഒരു കൂട്ടായ്മ എന്ന നിലക്ക് സംഘടന ചെയ്തത്. KGPA യുടെ നേതൃത്വത്തിൽ നടത്തിയ പ്രവർ ത്തനങ്ങളുടെ ഫലമായി ബന്ധപ്പെട്ടവർ എഎ കളുടെ നിലനിൽപ്പിനു 2 ഫാർമസിസ്റ്റ് അത്യാ വശ്യമാണെന്ന് ആർദ്രം ഉന്നത സമിതിയിൽ വാദിച്ചതിനെ തുടർന്നു അന്നത്തെ ഹെൽത് സെക്രട്ടറി പ്രൊപോസൽ സമർപ്പിക്കാൻ ഉടെ ന് നിർദേശം നൽകുകയുമായിരുന്നു. അങ്ങനെ DHS ഇൽ നിന്നും 170 ഫാർമസിസ്റ്റ് തസ്തിക കൾക്കുള്ള പ്രൊപോസൽ പോകുകയും 20 എണ്ണം പ്രവർത്തനം തുടങ്ങാത്തതിനാൽ 150 എണ്ണം മാത്രം ഏതാനും മാസങ്ങൾ കഴിഞ്ഞ് അനുവദിക്കുകയും ചെയ്തു.അതിന്റ ഓരോ ഘട്ടത്തിലും KGPA തുടർ പ്രവർത്തനം നടത്തി യിട്ടുണ്ട്. അന്നത്തെ ആർദ്രം കൺസൽട്ടന്റ് അരുവിപ്പുറത്തു നടന്ന KGPA നേതൃത്വ കാമ്പ് ഉദ്ഘാടനം ചെയ്ത പ്രസംഗത്തിൽ നൂറ് കണ ക്കിന് പേരുടെ മുൻപിൽ ഇത് സംബന്ധിച്ച് പറഞ്ഞതുമാണ്. രണ്ടാം ഘട്ടത്തിൽ 200 FHC കൾ തുടങ്ങി. അതിലേക്കു 200 വീതം, അസി സ്റ്റന്റ് സർജൻ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റു മാർക്കുള്ള പ്രൊപോസൽ റവെ ഇൽ നിന്നും, ആരോഗ്യ വകുപ്പിൽ നിന്നും, ധനകാര്യ വകുപ്പ് വരെ പോയി. (RTI രേഖകളിൽ അത് കൃത്യം). അവിടെ നമ്മുടെ തസ്തിക മാത്രം വെട്ടിമാറ്റി യതിന് കാരണമായി പറഞ്ഞത് വിചിത്രമായ കാര്യവും. ഫാർമസിസ്റ്റുമാരെ ജില്ലാതലത്തി ലുള്ള പൂളിൽ നിന്നും നിയമിക്കുമെന്ന്. അങ്ങനെ യൊരു പൂൾ ഉള്ളതായി ആർക്കും ഒരു ധാരണയു മുണ്ടായിരുന്നില്ല. രണ്ടാം ഘട്ടത്തിലെ 200 തസ്തികൾ ലഭിക്കുന്നതിനായി KGPA ആകാവുന്ന ശ്രമങ്ങൾ നടത്തി. അന്നത്തെ ആരോഗ്യ വകുപ്പ് മന്ത്രി തന്നെ ഫാർമസിസ്റ്റ് തസ്തിക അത്യാവശ്യമാണെന്ന് എനിക്ക് അറിയാമെന്നും, അതുകൊണ്ട് ആരോഗ്യ വകുപ്പ് പ്രൊപോസൽ നൽകി എന്നും അന്നത്തെ KGPA സംസ്ഥാന ഭാരവാഹികളോട് നേരിട്ട് പറയുകയു ണ്ടായി. ഏതായാലും തസ്തിക വന്നില്ല.തുടർന്നു ജില്ലാ സംസ്ഥാന തലങ്ങളിൽ നാം നടത്തിയ സെക്രട്ടറിയേറ്റ് മാർച്ച് ഉൾപ്പെടെയുള്ള സമര ങ്ങളും,ഭരണ പ്രതിപക്ഷ ഭേദമന്യേ മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെ നേരിട്ട് കണ്ട് നിവേദനം നൽകുകയും ചെയ്തു. അവസാനം എല്ലാ ശ്രമങ്ങളും സാമ്പത്തിക പരാധീനതയിൽ തട്ടി മുടങ്ങുന്ന സാഹചര്യത്തിൽ അന്നത്തെ സംഘടനാ ജനറൽ സെക്രട്ടറി എം.കെ. പ്രേമാനന്ദൻ കേരള ഹൈക്കോടതിയിൽ WP(C) 60669/2019 നമ്പർ പ്രകാരം ഹർജി നൽകി നിയമപോരാട്ടത്തിന്റെ വഴിയിലൂടെയും സംഘടനക്ക് സഞ്ചരിക്കേണ്ടി വന്നു. ഔഷധ വിതരണത്തിന് ഫാർമസിസ്റ്റ് തസ്തികയുടെ അനിവാര്യത പരമോന്നത നീതിപീഠത്തിനെയും പ്രതിഭാഗത്തുണ്ടായിരുന്ന സർക്കാരിനെയും ബോധ്യപ്പെടുത്താൻ സംഘടനയുടെ അഭിഭാഷ കനു സാധിച്ചു. ഇതോടൊപ്പം WP(C) 33989/ 2022 നമ്പർ ഹർജിയിൽ നിയമപ്രകാരം യോഗ്യത ഇല്ലാത്ത ഫാർമസിസ്റ്റ് ഇതര ജീവനക്കാരെ മരുന്ന് ഡിസ്പെൻസ് ചെയ്യാൻ നിയോഗിച്ചു കൊണ്ടുള്ള വിവിധ ഉത്തരവുകളെയും KGPA നിയമപരമായി ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായി.മേൽ പറഞ്ഞ രണ്ടു കേസു കളിലും നടന്ന വാദപ്രതിവാദങ്ങൾ നിയമവൃത്ത ങ്ങളിൽ ഏറെ ചർച്ചക്ക് വഴി വക്കുന്നതായിരുന്നു. തുടർന്ന് വിവിധ സമയങ്ങളിൽ നടത്തിയ തുടർ അന്വേഷണങ്ങളിലും ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കുന്നത് പരിഗണനയിലാണ് എന്നാണ് സംഘടനക്ക് രേഖമൂലം മറുപടി തന്നിരുന്നത്. നമ്മുടെ ന്യായമായ ആവശ്യങ്ങൾ ഇന്നല്ലങ്കിൽ നാളെ അംഗീകരിക്കാനും അനുവദിക്കാനും അധികാര കേന്ദ്രങ്ങൾ നിർബനധി തരാകും എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് 250 പുതി ഫാർമസിസ്റ്റ് തസ്തികകൾ. സങ്കുചിത വിഭാഗീയ രാഷ്ട്രീയ താൽപര്യങ്ങൾക്കപ്പുറം ഫാർമസിസ്റ്റ് എന്ന വികാരം നെഞ്ചിലേറ്റി വിശാലമായ കാഴ്ചപ്പാടും സമീപനവും വളർത്തിയെടുക്കാൻ പുതു ലമുറ ഫാർമസിസ്റ്റുകൾക്കാകട്ടെ എന്ന് പ്രത്യാശിച്ച് കൊണ്ട് 538 തസ്തികൾക്കുള്ള പ്രൊപോസലിൽ 250 എണ്ണം ഫാർമസിസ്റ്റു കൾക്ക് അനുവദിച്ചത് സഹർഷം സ്വാഗതം ചെയ്യുന്നു.. '

# "ഫാർമസിസ്റ്റുകളുടേത് മഹത്തായ സേവനം"

## ബഹു. ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ

### ലോക ഫാർമസിസ്റ്റ് ദിനാഘോഷം റിപ്പോർട്ട് 2024






**എം. കെ. പ്രേമാനന്ദൻ**
സംസ്ഥാന സെക്രട്ടറി
FIPO

**ആ**രോഗ്യ മേഖലയിൽ ഫാർമസിസ്റ്റുകൾ നിർവഹിക്കുന്ന സേവനം അഭിനന്ദനാർഹമാണെന്നും, ഫാർമസി മേഖലയിലെ മുന്നേറ്റം നമ്മുടെ രാജ്യത്തിനു മുതൽക്കൂട്ടാണെന്നും ബഹുമാനപ്പെട്ട കേരളാ ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫാർമസിസ്റ്റ്സ് ഓർഗനൈസേഷൻസ് (FIPO) സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലോക ഫാർമസിസ്റ്റ് ദിനാചാരണം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരിന്നു അദ്ദേഹം.

സംസ്ഥാന ഭരണത്തലവൻ ഗവർണ്ണർ പങ്കെടുക്കുന്ന രാജ്യത്തെതന്നെ ഒന്നാമത്തെ ഫാർമസിസ്റ്റുകളുടെ പരിപാടിയായി ഈ ലോക ഫാർമസിസ്റ്റ് ദിനം ചരിത്രത്തിൽ ഇടം നേടി. 25-09-24 ന് രാവിലെ തന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സർക്കാർ, സ്വകാര്യ മേഖലകളിൽ നിന്നുള്ള ഫാർമസിസ്റ്റുകളും, ഫാർമസി വിദ്യാർത്ഥികളും, വിശാലമായ, പാളയം ഹസ്സൻ മരക്കാർ ഹാളിൽ നിറഞ്ഞു കവിഞ്ഞു. സംഘാടകരുടെ പ്രതീക്ഷക്കുമപ്പുറം പങ്കാളിത്തമാണ് ഉണ്ടായത്. രജിസ്റ്ററേഷന് ശേഷം പരിസ്ഥിതി സൗഹൃദപരമായ ബാഗും, ബാഡ്ജും അനുബന്ധ സാമഗ്രികളുമായി പ്രതിനിധികൾ ഹാളിൽ നിറഞ്ഞു.

തലേ ദിവസം മുതൽ തന്നെ ഗവർണ്ണരുടെ സുരക്ഷാ വ്യൂഹ ത്തിൽ പെട്ടതും, സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഹാളും പരിസരവും പരിശോധന നടത്തി ഉറപ്പ് വരുത്തിയിരുന്നു. ഫാർമസിസ്റ്റ് മീറ്റിംഗ് ഗ്ലോബൽ ഹെൽത് നീഡ്സ് എന്ന വിഷയത്തിലെ സെമിനാർ ആയിരുന്നു ആദ്യം. രാവിലെ 10 മണിക്ക് FIPO സംസ്ഥാന ജനറൽ സെക്രട്ടറി 200. കെ. പ്രേമാനന്ദൻ സ്വാഗതം പറഞ്ഞതോടെ പരിപാടികൾക്ക് തുടക്കമായി. മുൻ ഫാർമസി കൗൺസിൽ പ്രസിഡന്റ് ശ്രീ കെ സി. അജിത് കുമാർ മോഡറേറ്റർ ആയി. തിരുവനന്തപുരം ഗവ. ഫാർമസി കോളേജിലെ അധ്യാപകൻ ഡോ. (പ്രൊഫ) എ. അരവിന്ദ് വിഷയം അവതരിപ്പിച്ചു. വിഷയത്തിന്റെ പ്രാധാ

ന്യം ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹം അവതരണം നടത്തിയത് ശ്രദ്ധേയമായി.സെമിനാർ താത്കാലി കമായി നിർത്തി 10.50 മണിയോടെ ഉദ്ഘാടന സെഷനായി വേദി കൈമാറി. സുരക്ഷാ ഉദ്യോഗ സ്ഥർ കൂടി പരിശോധനകൾ നടത്തിയ ശേഷം ഹാളിലും പുറത്തുമെല്ലാം വിന്യസിക്കപ്പെട്ടു. കൃത്യം 11 മണിക്ക് ഗവർണ്ണരുടെ വാഹനവ്യൂഹം സ്ഥലത്തെത്തി. തിരുവനന്തപുരം ജില്ലയിലെ വനിതാ ഫാർമസിസ്റ്റുമാർ അണിനിരന്ന താല പ്പൊലിയോടെ അദ്ദേഹത്തെ ബൊക്ക സ്വീകരിച്ചു വേദിയിലേക്ക് ആനയിച്ചു.നിറഞ്ഞ പുഞ്ചിരി യോടെയും, കൈ കൂപ്പിക്കൊണ്ടും അദ്ദേഹം വേദിയിൽ എത്തി. എം. വിൻസെന്റ് എം. എൽ. എ, FIPO പ്രസിഡന്റ് ഡി. എൻ. അനിത, സെക്ര ട്ടറി. എം കെ പ്രേമാനന്ദൻ, സ്വാഗത സംഘം ചെയർമാൻ ബി. രാജൻ, ജനറൽ കൺവീനറും, കെ ജി പി എ പ്രസിഡന്റുമായ എസ്. വിജയ കുമാർ എന്നിവരും വേദിയിൽ ഉണ്ടായിരുന്നു. ദേശീയ ഗാനത്തോടെ ഉദ്ഘാടനചടങ്ങ് ആരം ഭിച്ചു. തിരുവനന്തപുരം ഫാർമസിസ്റ്റ് ശ്രീമതി.. പ്രാർത്ഥന ചൊല്ലി. ശ്രീമതി. അനിത. ഡി. എൻ. സ്വാഗതം പറഞ്ഞു. ഫാർമസി പ്രഫഷന്റെ പ്രധാന്യവും പ്രസക്തിയിലും ഊന്നിയ സ്വാഗത ഭാഷണശേഷം നമ്മുടെ പതിവ് രീതികളിൽ നിന്നും വ്യത്യസ്തമായി, രാജ്ഭവൻ അംഗീകരിച്ച പ്രോട്ടോക്കോൾ പ്രകാരമായിരുന്നു പരിപാടികൾ. അതിനാൽ ആദ്യം ശ്രീ. ബി രാജൻ, ശ്രീ എസ് വിജയകുമാർ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി, പിന്നീട് എം വിൻസെന്റ് എൽ. യുടെ അധ്യക്ഷ പ്രസംഗമായിരുന്നു. ഫാർമസിസ്റ്റുകൾ നേരിടുന്ന വിഷയങ്ങളിലൂടെയുള്ള അദ്ദേഹ ത്തിന്റെ വാക്കുകൾ ഏവരുടെയും കൈയടി ഏറ്റുവാങ്ങി. തുടർന്നു നിറസദസ്സിനെ സാക്ഷി യാക്കി, ആവേശോജ്വലമായ അന്തരീക്ഷത്തിൽ നിലവിളക്കു തെളിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ സംസ്ഥാനത്തെ ലോക ഫാർമസിസ്റ്റ് ദിനാചാരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. തുടർന്നു ശ്രദ്ധേയമായ സേവനം വിവിധ മേഖലകളിൽ കാഴ്ച വെച്ച് ഫാർമസിസ്റ്റുകളായ ശ്രീമതി അന്നക്കുട്ടി അടിയോടി (സീനിയർ ഫാർമസിസ്റ്റ്), ശ്രീ. എ. ബിജു (ഇൻ ഹൌസ് ഗ് ബാങ്ക്, എസ്. എ. ടി ആശുപത്രി തിരുവന ന്തപുരം), ശ്രീ. വിജയകുമാർ ബ്ലാത്തൂർ (സയൻസ് കമ്മ്യൂണിക്കേറ്റർ, ശാസ്ത്ര എഴുത്തു കാരൻ), വൈ. എസ്. ബിജു ( ആശ്വാസ് ഫാർമാ ഗ്രൂപ്പ് ചെയർമാൻ ) എന്നിവരെ ബഹുമാനപ്പെട്ട ഗവർണ്ണർ ആദരിച്ചു. FIPO സംസ്ഥാന കമ്മറ്റി ഫാർമസിസ്റ്റുകൾക്കും, ഫാർമസി വിദ്യാർത്ഥി കൾക്കുമായി സംഘടിപ്പിച്ച, ആന്റി ബയോട്ടിക് റെസിസ്റ്റൻസിൽ ഫാർമസിസ്റ്റുകളുടെ പങ്ക് എന്ന വിഷയത്തിലെ പ്രബന്ധ രചനാമത്സരത്തിൽ സമ്മാനങ്ങൾ നേടിയവർക്കുള്ള ക്യാഷ് പ്രൈസും ഗവർണ്ണർ സമ്മാനിച്ചു. നിശ്ചിത തീയ തിക്കകം ലഭിച്ച് 76 പ്രബന്ധങ്ങളിൽ നിന്നുമാണ് സമ്മാനർഹരെ കണ്ടെത്തിയത്. രചനകൾ എല്ലാം മികച്ച നിലവാരം പുലർത്തിയതായി ഡോ. എ. അരവിന്ദ്, ശ്രീ പ്രവീൺ എന്നിവർ ചൂണ്ടിക്കാണിച്ചു.76 പേർ പങ്കെടുത്തതിൽ ഡോ. മുഹമ്മദ് റാഷിദ്. ടി. പി കിംസ് അൽശിഫ കയർ പെരിന്തൽമണ്ണ ഒന്നാം സ്ഥാനം, മിലിൻ തോമസ്, (കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് കോഴിക്കോട്) രണ്ടാം സ്ഥാനം, ജോളിൻ ക്രിസ്റ്റിന (ശ്രീകൃഷ്ണ കോളേജ് ഫാർമസി തിരു വനന്തപുരം) മൂന്നാം സ്ഥാനവും, വർഷ വിൻസെന്റ് ശ്രീകൃഷ്ണ കോളേജ് ഫാർമസി തിരുവനന്തപുരം), നീം അഹമ്മദ്. പി ( ആസ്റ്റർ മദർ ഹോസ്പിറ്റൽ അരീക്കോട് ), രതീഷ് കുമാർ. എൻ. എം ഇ എസ് ഐ ഡിസ്പെൻസറി എരഞ്ഞിപ്പാലം കോഴിക്കോട് ), ശിവനന്ദന. എം (മാർ ഡയോസ്കോറസ് കോളേജ് ഫാർമസി തിരുവനന്തപുരം), അനാമിക. ഐ (മാർ ഡയോസ്കോറസ് കോളേജ് ഫാർമസി തിരു വനന്തപുരം ) എന്നിവർ പ്രോത്സാഹന സമ്മാന ങ്ങളും നേടി. ചടങ്ങിൽ എത്തിയത്തിന്റെ നന്ദി സൂചകമായി ബഹുമാനപ്പെട്ട ഗവർണ്ണരെയും, എം വിൻസെന്റ് MLA യെയും IPO ഭാരവാ ഹികൾ ഷാൾ അണിയിക്കുകയും, മൊമെന്റോ നൽകുകയും ചെയ്തു. ദേശീയ ഗാനത്തോടെ ഒരു മണിക്കൂർ ഉദ്ഘാടനസെഷൻ അവസാ നിക്കുകയും ഏവരും എഴുന്നേറ്റു നിന്ന് ഗവർ ണ്ണരെ യാത്രയായാക്കുകയും ചെയ്തു. തുടർന്നു ആശംസകൾ നേർന്നുകൊണ്ട് കെ എസ് ഡി പി

യുടെ എം ഡി. ശ്രീ. ഇ എ. സുബ്രഹ്മണ്യൻ, SPO സംസ്ഥാന പ്രസിഡന്റ് സാജു കുര്യാക്കോസ്, എന്നിവർ സംസാരിച്ചു. എകജഛ സംസ്ഥാന ട്രഷർ ശ്രീ എം. കെ മനോജ് നന്ദി പറഞ്ഞു.

ഉച്ചഭക്ഷണ ശേഷം ഉദ്ഘാടന സെഷനു വേണ്ടി നിർത്തി വെച്ചിരുന്ന സെമിനാർ പുനരാരംഭിച്ചു. തിരുവനന്തപുരം ഡ്രഗ്സ് ഇൻസ്പെക്ടർ ജി. പി എ ജനറൽ സെക്രട്ടറി എം. എസ്. മനോജ്കുമാർ, ഫിപോ സയന്റിഫിക് കമ്മറ്റി ചെയർമാൻ വി തങ്കച്ചൻ എന്നിവർ സംസാരിച്ചു. സ്വാഗത സംഘം ട്രഷറർ ശ്രീ. സുഭാഷ് കുമാർ നന്ദി പറഞ്ഞു. തുടർന്നു നടന്ന സയന്റിഫിക് സെഷനു ഗജജഅ പ്രതിനിധി എം. എം. ഫൈസൽ സ്വാഗതം പറഞ്ഞു. പബ്ലിക് സെക്ടർ ഫാർമസിസ്റ്റ്സ് അസോസിയേഷൻ പ്രസിഡന്റ് കെ. കെ. അജയലാൽ അധ്യക്ഷത വഹിച്ചു.ഇന്റർനാഷണൽ ട്രെയിനർ ഡോ. അരുൺ കുമാർ ക്ളാസ്സെടുത്തു. ഫാർമസിസ്റ്റുകളുടെ വിദേശ അവസരങ്ങളെക്കുറിച്ചും അതിനു ഫാർമസിസ്റ്റുകൾ സ്വായത്തമാക്കേണ്ട കാര്യങ്ങളും വളരെ കാര്യമാത്ര പ്രസക്തമായ കാര്യങ്ങളും അദ്ദേഹം വിശദീകരിച്ചു., തിരുവനന്തപുരം ഗവ. ഫാർമസി കോളേജ് യൂണിയൻ ചെയർ പേഴ്സൺ കുമാരി അഞ്ജന. യു. ആർ നന്ദിയും പറഞ്ഞു. രാജ്യം കണ്ടതിൽ വെച്ച് ഏറ്റവും മികച്ച പരിപാടിയിൽ സാക്ഷ്യം വഹിക്കാൻ സാധിച്ചതിൻറെ സന്തോഷകരമായ അനുഭവമായാണ് വിവിധ ജില്ലകളിൽ നിന്നുമെത്തിയ ഫാർമസിസ്റ്റുകളും, വിദ്യാർത്ഥികളും പിരിഞ്ഞത്. ഈ പരിപാടിയുടെ വിജയത്തിനായി തിരുവനന്തപുരം ജില്ലയിലെ പ്രവർത്തകർ നടത്തിയ വിശ്രമമില്ലാത്ത പ്രവർത്തനങ്ങളും, സഹകരണവും ശ്രദ്ധേയമാണ്. ചരിത്രത്തിൽ ഇടം നേടിയ ലോക ഫാർമസിസ്റ്റ് ദിനാഘോഷം വൻ വിജയമാക്കിയ ഏവർക്കും FIPO സംസ്ഥാന കമ്മറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു.

## ഫാർമാട്രിക്സ്

**ശ്രീകുമാർ ആലപ്പുഴ**





# Irrational Combinations of Drugs: A Threat to Public Health

**Divine P Daniel**
Pharmacist
Rama Rao Memeorial Taluk
Hospital, Nedungolam, Kollam



The pharmaceutical industry has witnessed a surge in the production and marketing of fixed-dose combinations (FDCs) in recent years. We became much more familiar with this due to the recent ban on expectorant mixture and carminative mixture in our government hospitals. Drug manufactures also considered FDC as an easy bypass method to over come the drug price control order (DPCO)by Govt. of India which is only applicable to single drug formulations. FDCs are medicinal products that contain two or more active pharmaceutical ingredients (APIs) in a single dosage form. While FDCs can offer convenience and improved patient compliance, many of these combinations have been deemed irrational, posing a significant threat to public health.

**What are Irrational Combinations of Drugs?**

Irrational combinations of drugs refer to FDCs that contain APIs that are not therapeutically justified, or those that have not been proven to be safe and effective. These combinations can lead to adverse reactions, drug interactions, and other safety concerns. In some cases, the APIs in these combinations may even counteract each other, reducing the efficacy of the treatment.

**Prevalence of Irrational FDCs**

Irrational FDCs are widespread in the pharmaceutical market, with many companies manufacturing and marketing these products without adequate safety and efficacy data. A study published in the Indian Journal of Pharmacology found that over 50% of FDCs available in the Indian market were irrational. Similar studies have reported similar findings in other countries.

**Risks Associated with Irrational FDCs**

Irrational FDCs pose several risks to patients, including:

1. **Adverse reactions:** Irrational FDCs can lead to adverse reactions, including allergic reactions, gastrointestinal disturbances, and cardiovascular problems.
2. **Drug interactions**: The APIs in irrational FDCs can interact with each other, reducing the efficacy of the treatment or increasing the risk of adverse reactions.
3. **Antimicrobial resistance:** The misuse and overuse of antibiotics in irrational FDCs can contribute to antimicrobial resistance, making infections harder to treat.
4. **Waste of resources:** Irrational FDCs can lead to a waste of resources, including healthcare costs, time, and effort.

## Recent Ban on FDCs by CDSCO

In a bid to address the issue of irrational FDCs, the Central Drugs Standard Control Organization (CDSCO) has recently banned 344 FDCs, citing safety concerns and lack of therapeutic justification. The banned FDCs include popular brands such as Corex, Phensedyl, and D'Cold. The CDSCO has also restricted the manufacture, sale, and distribution of these FDCs, effective immediately.

## Reasons Behind the Ban

The CDSCO's decision to ban these FDCs was based on several factors, including:

1. **Lack of therapeutic justification:** Many of the banned FDCs contained APIs that were not therapeutically justified, or those that had not been proven to be safe and effective.
2. **Safety concerns:** The banned FDCs had been linked to adverse reactions, drug interactions, and other safety concerns.
3. **Non-compliance with regulatory requirements:** Many of the manufacturers of the banned FDCs had failed to comply with regulatory requirements, including obtaining necessary approvals and conducting safety studies.

## Impact of the Ban

The CDSCO's ban on irrational FDCs is expected to have a significant impact on the pharmaceutical industry and public health. The ban is likely to:

1. **Improve patient safety:** By removing irrational FDCs from the market, the ban is expected to reduce the risk of adverse reactions and other safety concerns.
2. **Promote rational prescribing:** The ban is likely to promote rational prescribing practices among healthcare professionals, reducing the misuse and overuse of antibiotics and other medications.
3. **Encourage innovation:** The ban may encourage pharmaceutical companies to invest in research and development, leading to the creation of new, safer, and more effective medications.

## Conclusion

The CDSCO's ban on irrational FDCs is a welcome step towards promoting patient safety and rational prescribing practices. While the ban may have a short-term impact on the pharmaceutical industry, it is expected to have a positive impact on public health in the long run. As the pharmaceutical industry continues to evolve, it is essential that regulatory agencies, healthcare professionals, and patients work together to promote the safe and effective use of medications.



ആദരാഞ്ജലികൾ


**പി. ഗോപി**

RTD Store Supdt., Kottayam

KGPA കോട്ടയം ജില്ലാ പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്

കഥ

# വീണ്ടും പറക്കുന്ന പ്രാവ്




**വിപിനചന്ദ്രൻ പി പി**
PSK
ജില്ലാ ആശുപത്രി, പാലക്കാട്




എന്താണ് ഇന്ന് സെക്രട്ടറിയും മെമ്പർമ്മാരും കോൺഫറൻസ് ഹാളിൽ. ഓ' കമ്മറ്റിയാവും ചായയും ബ്രഡ്ഓംലെറ്റും കഴിച്ച് പിരിയുന്നത് വരെ കാത്ത് നിന്നാൽ ഇന്നത്തെ ഭക്ഷണം നിലത്ത് കാണും. എന്നിൽ പ്രതീക്ഷ യുണർന്നു.


പ്രായം എത്ര എന്ന് അറിയില്ല, ഇവിടെ താമസം തുടങ്ങിയത് മുതൽ കാണുന്ന കാഴ്ച. പക്ഷെ ചിലരെ കൂടി കാണുന്നു. ഒരാളുടെ കൈയ്യിൽ ഒരു ബാനർ. അത് സ്റ്റേജിൽ കെട്ടി ഞാൻ അത് വായിച്ചു. അനുമോദനം ആണ് നോവലിസ്റ്റ് ചിത്രം പതിച്ചിട്ടുണ്ട്. ഞാനും വായന തുടങ്ങി യത് ഇവിടെ തന്നെ. ആദ്യം താമസം വായിച്ച് കഴിഞ്ഞ് അടുക്കിവെച്ച പത്രത്തിന് മുകളിൽ പിന്നെ വിസർജ്ജ്യവും അവിടെ. ഇടക്ക് ചുമതലക്കാർ വന്ന് പത്രം കുടഞ്ഞ് വൃത്തിയാക്കുന്നതും എന്തോ പിറുപിറുക്കുന്നതും കേൾക്കും ഇത് എന്നോടുള്ള പ്രതിഷേധമാണെന്ന തിരിച്ചറിവ് എനിക്ക് ഉണ്ടായത് പിന്നീടാണ്. പക്ഷെ എന്നെ ഉപദ്രവിക്കാൻ ശ്രമിച്ചുമില്ല പതിയെ ഞാൻ താമസം മുകളിലേക്ക് മാറ്റി മെല്ലെ മെല്ലെ ഞാനും അക്ഷര ലോകത്തേക്ക് എത്തപ്പെട്ടു എന്ന് പറയാം. പത്രം വായന തുടങ്ങി എല്ലാ വശവും വായിക്കാൻ സാധിക്കാറില്ല. മറിച്ച് നോക്കുക പ്രയാസം. എങ്കിലും വായന ആസ്വദിച്ച് തുടങ്ങി. ഫ്ളക്സിലെ മുഖത്തേക്ക് ഒന്നു കൂടി സൂക്ഷിച്ച് നോക്കി ഇത് എന്നും കാണാറുള്ള പുസ്തക ചുമതലക്കാ രിയല്ലെ. അവർ രചിച്ച് പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പേരും ഉണ്ട്. പലരും പതിവിന് വിപരീതമായി വായന ശാലയിൽ പ്രവേശിക്കുന്നതും സ്റ്റേജിലേക്ക് സംഘാടകർ ആനയിക്കുന്നതും കണ്ണിന് നല്ല വിരുന്നായിരുന്നു. പലരും വായനയിലേക്ക് തിരിച്ച് വരുന്നു എന്ന് കരുതി ആശ്വസിച്ചു. സ്റ്റേജിൽ കസേരകൾ നിറഞ്ഞു താഴെ പഴയത് പോലെ തടി ബെഞ്ച് തന്നെ. മൈക്ക് ടെസ്റ്റ് സ്ഥിരം ചുമതലക്കാരൻ സ്റ്റേജിൽ, സ്റ്റേജിലേക്ക് മഹനീയ സാന്നി ദ്ധ്യങ്ങൾ ഓരോ സീറ്റിലേക്ക്. സദസിലേക്ക് പലരെയും വിളിച്ചിരുത്തുന്ന ശ്രമത്തിൽ സംഘാടകർ വേദിയിൽ എന്നും തിരക്ക് ഉണ്ടാവും. എന്നാൽ സദസിൽ അത് ഒരു ടാസ്ക് തന്നെയാവും. ഞാൻ സ്റ്റേജിലേക്ക് വെറുതെ കണ്ണോടിച്ചു. ഒന്നാം നിരയിലോ രണ്ടാംനിരയിലോ ആദരണീ യയെ കാണുന്നില്ല ഓ ചിലപ്പോൾ എത്തിക്കാണില്ല. ഒന്നു കൂടി അരിച്ച് പെറുക്കി അതാ സ്റ്റേജിൽ ഏറ്റവും പിന്നിൽ ആരും ഇരിക്കാതെ ഒഴിവാക്കിയ സീറ്റിൽ ആദരണീയ. ശരിക്കും എനിക്ക് അരിശവും വിഷമവും വന്നു അറിയാതെ എൻ മുരൾച്ച പുറത്തേക്ക്. അപശബ്ദം തേടി ചെറിയ കല്ലുകൾ ' പൗരപ്രമുഖരും വായനാകുതുഹികളും സ്വന്തം സീറ്ററുറപ്പിക്കുമ്പോൾ ആദരണീയയെ മറന്നതിൽ തെറ്റ് പറയാനാവില്ല. ആരോ ഒരാൾ സെക്രട്ടറിയെ മാറ്റി നിർത്തി എന്തോ സംസാരിച്ചു. ബുദ്ധൻ ആയ സെക്രട്ടറി ഒരു കസേരയുമായി തിങ്ങിനിറഞ്ഞമുൻനിരയിലേക്ക് കഠിന ശ്രമത്തിനിടയിൽ അവരെ പ്രതിഷ്ഠിക്കുന്നു. ശരിക്കും സെക്രട്ടറി ഹീറോ തന്നെ പലരും ഈ പുസ്ത കമാണ് സ്റ്റേജിലേക്ക് എത്തിച്ചതെന്നോർക്കാതെ കത്തി കയറുന്നു. എന്നെ വല്ലാതെ ആകർഷിച്ചത് ആദരണീ യയുടെ നന്ദി പ്രസംഗമാണ് 'എനിക്ക് തന്ന ഈ സ്വീകരണത്തിന് നന്ദി. വായന ഊർദ്ധശ്വാസം വലിക്കുന്ന ഈ കാലത്തിൽ എല്ലാവരെയും വായനയിലേക്ക് എത്തി ക്കാനുള്ള എന്റെ എളിയ ശ്രമമാണ്. അതിലും വലിയ ശ്രമം നടത്തിയ ഒരാൾ സെക്രട്ടറിയാണ്. പിന്നിലെ നിരയിൽ നിന്നും എന്നെ മുന്നിലേക്ക് എത്തിക്കാൻ നടത്തിയ പരിശ്രമത്തിന്റെ നൂറിൽ ഒരംശം പോലും എനിക്ക് ഈ നോവൽ പൂർത്തിയാക്കാൻ വേണ്ടി വന്നില്ല' ഇത് കേട്ട് മൂളിയ എന്നെ കല്ലെറിയാൻ കൂടുതൽ പേർ ഉണ്ടായിരുന്നു. ഞാൻ മെല്ലെ ഭക്ഷണം തേടി പുറത്തേക്ക് പറന്നു.

**കഥ**

# മടക്കയാത്ര



**കിഷോർ പി**
ഫാർമസിസ്റ്റ് ഗ്രേഡ് –1
ഗവ. താലൂക്ക് ആശുപത്രി,
വണ്ടൂർ, മലപ്പുറം



എന്തിനോവേണ്ടി ആർത്തലയ്ക്കുന്ന കടൽ തിരമാലകൾ കരയെ വിഴുങ്ങി വിശപ്പടക്കാനോ? തീരത്ത് തലതല്ലി കരയുവാനോ? എന്താണ് ഉദ്ദേശമെന്നറിയില്ല. ഞാൻ വാച്ചിൽ നോക്കി... സമയം വൈകിട്ട് 5 മണിയായിരിക്കുന്നു. സൂര്യൻ പടിഞ്ഞാറേ ചക്രവാളത്തിൽ താഴ്ന്നു തുടങ്ങി. മൂന്നുമണിക്ക് വന്നതാണ് ഈ കടൽക്കരയിൽ.. ഒരുപറ്റം കുട്ടികൾ... സ്കൂളിൽ നിന്നും വിനോദയാത്രയുടെ ഭാഗമായി എത്തിയതാണെന്നു തോന്നുന്നു. തീരത്തെ മണൽപ്പരപ്പിൽ ചിത്രങ്ങൾ വരച്ചു കളിക്കുന്നു. അവരുടെ പ്രവർത്തിയെ തീർത്തും നിഷ്പ്രഭമാക്കിക്കൊണ്ട് തിരമാലകൾ എല്ലാം മായ്ച്ചു കൊണ്ട് അട്ടഹസിച്ചു ചിരിച്ചു കൊണ്ട് ഇടയ്ക്കിടെ വന്നു പോകുന്നു. വിധിയുടെ കയ്യിലകപ്പെട്ട മനുഷ്യരുടെ സ്വപ്നങ്ങൾ പോലെ ആ കുട്ടികളുടെ രചനകൾ.

ഞാൻ മുഖമുയർത്തി നോക്കി. നിഷ്കളങ്കത തുളുമ്പി നിൽക്കുന്ന ഒരു ബാലന്റെ ദൈന്യമുഖം.. ഞാൻ നിഷേധാർത്ഥത്തിൽ തലയാട്ടിയതോടെ വിഷാദത്തോടെയും ഒരൽപം നീരസഭാവത്തോടെയും അവൻ അടുത്തയാളിന്റെ സമീപത്തേക്കു പോയി. ഇരുൾ പരക്കുന്നതിനു മുൻപ് പരമാവധി കടല വിൽക്കുകയെന്ന ഉദ്ദേശം അവനുണ്ട്... എനിക്കോ?? മരുഭൂമിയിൽ വഴി തെറ്റിയലയുന്ന ഒരു സഞ്ചാരിയെപ്പോലെയല്ലേ ഇന്നു ഞാൻ?!. സീമന്തിനി, മകൻ സുമേഷിനെ പോലും തനിക്കായി വിട്ടു തരാതെയല്ലേ പോയത്? അവനെ പോയി വിളിച്ചുകൊണ്ടു വന്നാലോ എന്ന് പലവട്ടം കരുതിയതാണ് ഇനി ഒരിക്കൽ ഞാൻ അവന് സ്വന്തം മാതാവിൻറെ സ്നേഹവും വാത്സല്യവും നഷ്ടപ്പെടുത്താൻ കാരണക്കാരനായി എന്ന് പറയാനിടവരുമെന്ന ആകുലത തോന്നിയപ്പോൾ ആ ഉദ്യമവും ഉപേക്ഷിച്ചു. മനഃപൂർവ്വം ആരെയും ഒരിക്കലും വേദനിപ്പിക്കരുതെന്ന ഉദ്ദേശക്കാരനായിരുന്നു എന്നും. ഇന്നും അതേ നിലപാടിൽ എല്ലാവരാലും വെറുക്കപ്പെടാനാണു വിധി. എന്തുചെയ്യാം... അനുഭവിക്കുക തന്നെ.

ഞങ്ങളുടെ വിവാഹം കഴിഞ്ഞ് ഒരാഴ്ചയായപ്പോൾ തന്നെ അവൾ എന്റെ അമ്മയുമായി വഴക്കുകൂടിയതാണല്ലോ.അന്ന് ഞാൻ അവളുടെ കണ്ണീരിനു മുമ്പിൽ മുട്ടുകുത്തി.അവളുടെ ഭാഗം ചേർന്ന് അമ്മയെ 'അടിയറവു' പറയിപ്പിച്ചതോടു കൂടി അവൾ പുതിയ പുതിയ അധികാരങ്ങൾ വീട്ടിൽ സ്ഥാപിച്ചെടുക്കു കയായിരുന്നു. ശക്തമായ ഒരു കടൽത്തിര മുന്നോട്ടു വന്നു. അതിൽ കരക്കടിഞ്ഞ ഒരു ചെറിയ മാംസക്ക ഷണത്തിനായി കടൽകാക്ക പറന്നിറങ്ങി. തുടർന്നുവന്ന അടുത്ത തിരയിൽ ആ ഭക്ഷണ വസ്തു തിരികെ പോയെങ്കിലും കാക്ക നിരാശനാകാതെ കാത്തിരുന്നു. അതിന്റെ കണ്ണിൽ പ്രതീക്ഷയുടെ തിളക്കം കാണുന്നുണ്ട്. ഒടുവിൽ അടുത്ത തിരമാല വന്നതോടെ മടങ്ങിയെത്തിയ ആ ഭക്ഷ്യവസ്തുവും കൊക്കിലൊതുക്കി അത് ലക്ഷ്യം നേടി പറന്നുയർന്നു.. കടലക്കാരൻപയ്യൻ തിരികെ നടന്നു പോകുന്നു. അസ്തമന സൂര്യൻ ഒരു ചുവന്ന വൃത്തമായി മാറി കടലിൽ മുങ്ങി മരിക്കാനൊരുങ്ങുന്നു. സ്കൂൾ കുട്ടികൾ വരിവരിയായി തികഞ്ഞ അച്ചടക്കത്തോടെ തങ്ങളുടെ ബസിനടുത്തേക്ക് നടക്കുന്നു. കടലക്കാരൻ ഐസ്ക്രീം കുട്ടികളുടെ ഇടയിലൂടെ നടന്ന് ഒരു വൃദ്ധന്റെ സമീപമെത്തി പോക്കറ്റിൽ നിന്നും പണമെടുത്ത് ആ ദിവസത്തെ തുക അയാളെ ഏൽപ്പിക്കുന്നത് കാണാം. ഇന്ന് എല്ലാ ബിസിനസ്സുകളും വിവിധ ബ്രാഞ്ചുകളാൽ സമ്പുഷ്ടമാണല്ലോ.

ഞാൻ വീണ്ടും ഓർമ്മകൾക്ക് അടിമപ്പെട്ടു.എന്റെ പ്രവർത്തി നീതീകരിക്കത്തക്കതാണോ? അച്ഛൻ ചായക്കച്ചവടം നടത്തി കഷ്ടപ്പെട്ടാണല്ലോ തന്നെ ഡിഗ്രിവരെ പഠിപ്പിച്ചത്.ഒടുവിൽ ആ മുഖത്ത് പോലും നോക്കാതെയല്ലേ ഞാൻ സീമന്തിനിയുടെ വാക്കുകൾക്കൊപ്പം

ഇറങ്ങിത്തിരിച്ചത്... അന്ന് പതിവുപോലെ ഞാൻ ബാങ്കിൽ നിന്നും ജോലി കഴിഞ്ഞു വന്നപ്പോൾ വീട് ഒരു യുദ്ധപ്പ റമ്പായിരുന്നല്ലോ ' എന്റെ പറമ്പിലെ തേങ്ങ വിറ്റ പണം എന്ത് ചെയ്യണമെന്ന് എനിക്കറിയാം ' അച്ഛൻറെ ശബ്ദം ഉച്ചത്തിൽ കേൾക്കുന്നുണ്ട്.തെക്കേ പറമ്പിലെ തേങ്ങയുടെ വിഷയമാണെന്ന് ഞാൻ മനസ്സിലാക്കി ആ നിമിഷത്തിലും സീമന്തിനിയുടെ ദൈന്യമായ നോട്ടത്തിനു മുമ്പിൽ എന്റെ അടി പതറി. 'ഇതുവരെയുള്ളതുപോലെയല്ല ഇനി കണക്കുകളൊക്കെ ഞങ്ങളും അറിയണം ' ഞാൻ തറപ്പിച്ചു പറഞ്ഞു... അല്ല അവൾ പറയിപ്പിച്ചു. ' അതുശരി... ഞാൻ സമ്പാദിച്ചതിന്റെ വീതം പറ്റാൻ നിൽക്കാതെ ഇവളെയും കൊണ്ട് ഇപ്പോ എറങ്ങിക്കോണം.. ഇവിടെ നിക്കണ്ട എന്നെ ചോദ്യം ചെയ്തോണ്ട് അച്ഛൻ ആക്രോശിച്ചു. ഞാൻ അതിനു മുൻപിൽ മൗനിയായി അൽപസമയം നിന്നുപോയി. പിന്നെ തിരിച്ച് മുറിയിലെത്തിയപ്പോഴേക്കും അവൾ സകലതും ബാഗുകളിൽ കുത്തിനിറച്ചിരുന്നു. അവളുടെ സ്നേഹവച സ്സുകൾക്കൊപ്പം ഞാനും ടൗണിലെ വാടക വീട്ടിലേക്കു മാറാൻ നിർബന്ധിതനായി. ടൗണിലെത്തിയതോടെ അവൾ പഴയ ബന്ധങ്ങൾ പുതുക്കി ആവശ്യത്തിനും അനാവശ്യ ത്തിനും പതിവായി പുറത്തു പോകാൻ തുടങ്ങിയത് എന്നെ ചൊടിപ്പിച്ചുവെങ്കിലും പലപ്പോഴും എന്റെ ശാസന വെറും താക്കീതിലൊതുങ്ങിപ്പോയിരുന്നു. എന്നാൽ, കഴിഞ്ഞ യാഴ്ച, ആ ബുധനാഴ്ച അവൾ വീട്ടിൽ തിരിച്ചെത്താൻ മൂവന്തിയും കഴിഞ്ഞതോടെ കണക്കറ്റു ശാസിക്കേണ്ടി വന്നു. അതിന് തിരിച്ചടിയായി അവൾ മകനെയും വിളിച്ച് സ്വഗൃഹത്തിലേക്ക് പോകുമെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല. ആരോ തോളത്തു വിരൽ തൊട്ടു വിളിക്കുന്നു. ഞാൻ തലയുയർത്തി നോക്കി.ഭാസ്കരേട്ടനാണ്. അറിഞ്ഞില്ലേ അച്ഛന് അൽപം കൂടുതലാണ്... സിറ്റി ഹോസ്പിറ്റലിലാ ണെന്നാണ് വിവരം ലഭിച്ചത് '

അയാളോട് യാത്ര പോലും പറയാതെ ഞാൻ എഴുേ ന്നറ്റ് തിടുക്കത്തിൽ നടന്നു. കടൽക്കാക്കകൾ ദൂരെ മര ച്ചില്ലകളിൽ ചേക്കേറുന്ന സ്വനം കേൾക്കുന്നുണ്ട്. മഴക്കാറു കൾ മൂടിക്കിടന്നിരുന്ന ആകാശത്തു നിന്നും നീർത്തു ള്ളികൾ നിപതിക്കാൻ തുടങ്ങി.ഒരു വലിയ കടൽത്തിര തീരത്തു വന്നടിക്കുന്ന നാദം ഉയർന്നു കേട്ടു.

പരിസരം ശ്രദ്ധിക്കാതെ ഞാൻ സിറ്റിഹോസ്പിറ്റൽ ലക്ഷ്യമാക്കി മുന്നോട്ടു പോയി.


# ഒന്ന്

കവിത

**നന്മ ഏറും മനസ്സുകൾ ഇന്നു അന്യമായി**
**സത്യമെന്ന പദമിന്നകലെയായി**
**സ്നേഹമോ കളങ്കപൂരിതമായി**
**സ്വാർത്ഥത എങ്ങും നിറഞ്ഞു**
**രക്തബന്ധങ്ങളില്ലാതെയായി**
**സൗഹൃദം വെറുമൊരു ചിരിയായി**
**മാതാ പിതാ ഗുരു ദൈവം**
**എന്നതോ വെറും ആപ്തവാക്യമായി**
**സ്വന്തമെന്ന് പറയാൻ ഒന്ന് മാത്രം**
**ഞാനെന്ന സത്യം ആർക്കും മനസ്സിലാകാത്ത**
**ഞാനെന്ന സത്യം**
**തിരുത്തുവാൻ ആകില്ല ഒന്നും...**
**ഒന്നിനെയും.....**



**കലാ വൈ പവിത്രൻ**
സ്റ്റോർ സൂപ്രണ്ട്,
ജനറൽ ആശുപത്രി, അടൂർ



# നിവേദനങ്ങൾ

1. ശബരിമല സേവനത്തിന് നിയോഗിക്കപ്പെടുന്ന പമ്പ, സന്നിധാനം തുടങ്ങിയ സ്ഥലങ്ങളിൽ 5 ഫാർമസിസ്റ്റുകളെ നിയമിക്കണം എന്ന് ആവശ്യപ്പെട്ട് DHS ന് നിവേദനം നൽകി.

   ശബരിമല സേവനത്തിനായി പത്തനംതിട്ട ജില്ലയിൽ നിന്ന് പുരുഷ ഫാർമസിസ്റ്റുകളെ നിയോഗിക്കുന്നത് മൂലം ജോലിപരമായ ബുദ്ധിമുട്ട് സ്ഥാപനങ്ങളിൽ അനുഭവപ്പെടുന്നു. ആയതിനാൽ സ്ഥിരം തസ്തികയായി കണക്കാക്കി അപ്പാച്ചിമേട്, നിലയ്ക്കൽ, നീലിമല, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കണം.

2. പരിയാരം മെഡിക്കൽ കോളേജിൽ സ്റ്റോർ സൂപ്രണ്ട്, PSK തസ്തികകൾ സൃഷ്ടിക്കാൻ വേണ്ട നടപടികൾക്കായി ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിവേദനം നൽകി.

3. ESI മേഖലയിലെ തൊഴിലും, തൊഴിൽ സാഹചര്യങ്ങളും, മരുന്ന് സ്റ്റോറുകളും, വിതരണ സംവിധാനങ്ങളും കാലാനുസൃതമായി നവീകരിക്കാനും കൂടുതൽ സൂപ്പർവൈസറി തസ്തികകൾ ഉണ്ടാക്കാനും വേണ്ട നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെട്ട് ഇൻഷുറൻസ് ഡയറക്ടർക്ക് നിവേദനം നൽകി.

4. ഹജ്ജ് തീർത്ഥാടനത്തിന്റെ ഭാഗമായി ആരോഗ്യമേഖലയിലെ ESI, MCH വിഭാഗത്തിലെ പാരാമെഡിക്കൽ ജീവനക്കാരെയും ഡെപ്യൂട്ടേഷന് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിവേദനം നൽകി. മനുഷ്യർക്ക് സുരക്ഷിതമായ ഉപയോഗത്തിന് യോജിച്ചതല്ല എന്ന കാരണത്താൽ നിരോധിക്കപ്പെട്ട Mix. Expectorent, Carminative എന്നിവ കോടതി ഉത്തരവ് പ്രകാരം KMSCL വിതരണം നടത്തുന്നുവെങ്കിലും പക്ഷെ, അവ ഉപയോഗിക്കുന്നതിന് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ടും, കാലാവധി കഴിയാറായ അത്തരം മരുന്നുകളുടെ വിതരണം സംബന്ധിച്ചും കൃത്യമായ മാർഗ്ഗനിർദ്ദേശം ലഭിക്കാൻ വേണ്ട നടപടികൾക്കായി KMSCL മാനേജിംഗ് ഡയറക്ടർക്ക് നിവേദനം നൽകി.

5. ആരോഗ്യവകുപ്പിലെ ഫാർമസി തസ്തികാനാമം കാലോചിതമായി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിവേദനം നൽകി.

6. പൊതു ആരോഗ്യവകുപ്പിൽ വിതരണം ചെയ്യുന്ന മരുന്നുകൾക്ക് ഗുണനിലവാരം പോരാ എന്ന പത്രവാർത്തകൾ വരുന്നു. ഗുളികയ്ക്ക് ഉള്ളിൽ മൊട്ടുസൂചി കണ്ടു എന്ന പോലുള്ള വാർത്തകൾക്ക് പിന്നിലെ യാഥാർത്ഥ്യം ചികയണമെന്ന് ആവശ്യപ്പെട്ട് കെ.ജി.പി.എ. ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകി.

# ജില്ലാ വാർത്തകൾ

## മലപ്പുറം

ചരിത്രവും പൈതൃകവും കുളിരേകുന്ന മലബാറിന്റെ മണ്ണിൽ നിന്ന് കിഴക്കിന്റെ വെനീസിലേക്ക് 8 മണിക്കൂറോളം എടുത്ത് ഒരു യാത്ര. ആലപ്പുഴ കലവൂരുള്ള KSDPL സന്ദർശിക്കുക എന്നതായിരുന്നു ഉദ്ദേശം, ഹാർദ്ദവമായ ഒരു സ്വീകരണം മാനേജ്മെന്റ് ഞങ്ങൾക്ക് നിൽകി. പ്രൊഡക്ഷൻ മാനേജർ, മാർക്കറ്റിംഗ് മാനേജർ ഷൈൻ എന്നിവർ നേതൃത്വം നൽകി. മരുന്നുകളുടെ കലവറയിൽ – 'പാചകപ്പുര'യിൽ പോയി അതിന്റെ നിർമ്മാണ ഗുണമേന്മാ,, വിതരണ ശ്രംഖല ഞങ്ങൾ നേരിട്ട് മനസിലാക്കി,, നമ്മുടെ ഡിസ്പെൻസിംഗ് ടേമ്പിളിലൂടെ കടന്നു പോവുന്ന സർക്കാർ മരുന്നുകളുടെ നിർമ്മാണ കേന്ദ്രത്തിലെ അറിവുകളും, അനുഭവങ്ങളും, വ്യത്യസ്തമായിരുന്നു. തിരികെ എറണാകുളം മറൈൻ ഡ്രൈവിൽ ബോട്ട് യാത്രയിൽ സംസ്ഥാന ജന, സെക്രട്ടറി മനോജ് കുമാർ അടക്കം പങ്കാളിയായി, വിവിധ തലത്തിൽ മാനസിക സമ്മർദ്ദം നേരിടുന്ന ഫാർമസിസ്റ്റുകൾക്ക് ഒരു നവീന അനുഭവം തന്നെയായിരുന്നു ഏകദിന യാത്ര.

## എറണാകുളം



കെ ജി പി എ ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ട്രസ് മാനേജ്മെന്റ് ക്ലാസ് നടത്തി കോട്ടയം സംസ്കൃതി നേതൃത്വം നൽകിയ ക്ലാസിൽ പങ്കെടുത്ത ഫാർമസിസ്റ്റുകൾ ഒന്നടങ്കം വളരെ പ്രയോജനകരം എന്ന് വിലയിരുത്തിയ വിലപിടിപ്പുള്ള അറിവ് അറിവ് പകരുന്നതായിരുന്നു. ബിജിൽ കുമാർ, മനോജ് കുമാർ M. S എന്നിവർ നേതൃത്വം നൽകി.

## തൃശൂർ



മുൻ ജന.സെക്രട്ടറി പ്രേമാനന്ദൻ സംഘടനാ നാൾവഴികൾ വിശദീകരിച്ച ഏകദിന പഠന ക്ലാസ് സംഘടിപ്പിച്ചു. മനോജ് കുമാർ M. S ഉ ദ്ഘാടനം ചെയ്തു, വ്യത്യസ്ത വിഷയങ്ങളിൽ ക്ലാസ് നയിച്ചത് കെജിപിഎ സെക്രട്ടറിമാരായ രൂപേഷ്, ശ്രീവിദ്യ എന്നിവർ ആയിരുന്നു. തുടർന്ന് ഡോ: വേണുഗോപാൽ നയിച്ച നേതൃത്വ പരിശീലന പരിപാടിയും ഉണ്ടായിരുന്നു.

## കാസർഗോഡ്

16.1.2025 ൽ മെമ്പർഷിപ്പ് പ്രവർത്തനം, ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശനം,,ബുള്ളറ്റിൻ, കലണ്ടർ വിതരണം നടത്തി,, ഷാജി കെ, സെക്രട്ടറി ഷബ്ന എന്നിവർ നേതൃത്വം നൽകി

## കോട്ടയം



ജില്ലാ കമ്മറ്റി ആലപ്പുഴയിലേക്ക് പഠന ക്ലാസ്, ടൂർ സംഘടനപ്പിച്ചു... KSDPL സന്ദർശനവും ഉണ്ടായി,, തുടർന്ന് മാരാരിക്കുളം ബീച്ച്, തണ്ണീർ മുക്കം ബണ്ട് എന്നിസ്ഥലങ്ങളും കണ്ടു,,, പൊതു മീറ്റിംഗുകൾ ഇല്ലാത്ത കാലത്ത് പരസ്പര ബന്ധങ്ങളും,, സംഘടനാ വിശേഷങ്ങളും പങ്ക് വെച്ച് നടത്തിയ യാത്രക്ക് അഭിലാഷ് ജയറാം, അനിസുദ്ധീൻ എന്നിവർ നേതൃത്വം നൽകി

## കണ്ണൂർ



2024 നവമ്പർ 18 മുതൽ 25 വരെ ഫാർമസി വാരാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട് – ഫാർമ റാലിയും പൊതുയോഗവും സംഘടിപ്പിച്ചു,, പൊതു സമൂഹത്തിൽ ഫാർമസിസ്റ്റുകളുടെ പ്രാധാന്യം വെളിപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം, വിനോദ് കുമാർ പി, രജിൻ കെ എം എന്നിവർ നേതൃത്വം നൽകി

# സാബു ഭുവനചന്ദ്രൻ സർവ്വീസിൽ നിന്നും വിരമിച്ചു



കെ.ജി.പിഎ. ആലപ്പുഴ ജില്ലയെ പ്രതിനിധികരിച്ച് സംസ്ഥാന കമ്മറ്റിയംഗവും തിരുവനന്തപുരം ടഢഛ യുമായിരുന്ന ശ്രീ. സാബു ഭുവനചന്ദ്രൻ സർവ്വീസിൽ നിന്നും വിരമിച്ചു. സംഘടനാ നേതാവെന്നതിലുപരി ജില്ലയിൽ പുതിയ തലമുറയിലെ പ്രവർത്തകരെ കണ്ടെത്തുന്നതിലും പ്രൊഫഷണലിസത്തോടെ സംഘടനയെ സമീപിക്കേണ്ടതിന്റെ പ്രാധാന്യം പ്രവർത്തകരിൽ നൽകുന്നതിൽ എന്നും അദ്ദേഹം വിജയിച്ചിരുന്നു.

1994 ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഉവര യിൽ തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1999-ൽ ശുന്യ വേതനാവധിയിൽ പ്രവേശിച്ച് പ്രവാസിയായി. 2004 -ൽ വീണ്ടും തിരികെ ജോലിയിൽ പ്രവേശിച്ചു.

PHC മുതുകുളം, PHC ദേവികുളങ്ങര, PHC ചേപ്പാട് എന്നിവിടങ്ങളിൽ തുടരവെ 2015-ൽ അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ച് കൊല്ലം ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചുവരവെ ഇടുക്കി ജില്ലാ ഌം. Store -ൽ PSK തസ്തികയിൽ promotion ലഭിച്ചു. അവിടെ നിന്നും വീണ്ടും ആലപ്പുഴ ജില്ലയിൽ കായംകുളം THQH, കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി THQH എന്നി സ്ഥാപനങ്ങളിൽ PSK ആയി ജോലിയിൽ തുടന്നു. പിന്നീട് Store Superintendent ആയി ഉദ്യോഗകയറ്റം ലഭിച്ച് എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ജില്ലാ ആശുപത്രിയിലായിരുന്നു സേവനം. തിരികെ ജില്ലാ ആശുപത്രി മാവേലിക്കരയിലും Store Superintendent ആയി തുടരവെ അവിടെ നിന്നും Promotion ലഭിക്കുകയും കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസിൽ SVO ആയി സേവനമനുഷ്ഠിച്ചു. ഇപ്പോൾ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസിൽ SVO ആയി തുടരവേയാണ് ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്നത്.

സാധാരണ ഗസറ്റഡ് പദവിയിലൊക്കെ എത്തിക്കഴിഞ്ഞാൽ സംഘടനയെ തള്ളി പറഞ്ഞും സംഘടനാ വിരുദ്ധ പ്രവർത്തനങ്ങളിൽ മറുപക്ഷം ചേരുന്ന പതിവ് രീതിയിൽ നിന്നും സാബു സർ തികച്ചു വ്യത്യസ്തനാണ്.

സാബു സാറിനെ സംബന്ധിച്ചിടത്തോളം ഏറ്റെടുക്കുന്ന ഏത് മേഖലയിലും ഉത്തരവാദിത്വത്തോടെ തന്റേതായ Signature സ്ഥാപിക്കുന്നതിലും മികവുള്ള യാളാണ്.

സാധാരണ തികച്ചും പുതിയ ഭാരവാഹികൾക്ക് സംഘടനാ കാര്യങ്ങളിൽ മനപൂർവ്വമല്ലാതെ സംഭവിക്കുന്ന തെറ്റുകുറ്റങ്ങളിൽ സ്നേഹത്തോടെയുള്ള ശാസനകൾ നൽകി തിരുത്താൻ ശ്രമിച്ചിരുന്ന ഗുരുനാഥൻ കൂടിയാണ്.

സർവ്വിസ് മേഖലയിലെ വിരമിക്കൽ എന്ന അനിവാര്യതയിൽ ആർക്കും ഒഴിവാകാനാവില്ലല്ലോ? നേതൃപരമായ കഴിവുകളും സംഘടനാപരമായ പരിചയസമ്പന്നതയും മറ്റ് മേഖലകളിലും ശോഭിക്കുവാൻ കഴിയുമെന്നതിൽ സംശയമില്ല.

എന്നും നന്മകൾ നേരുന്നു.

ശ്രീകുമാർ കെ. ജി. (ആലപ്പുഴ ജില്ലാ സെക്രട്ടറി)

# ടി.ജി. ഷൈൻ:
## അപൂർവ്വ മേഖലകളിൽ തിളങ്ങിയ ഫാർമസിസ്റ്റ്

തൃശ്ശൂർ ജില്ലയുടെ തീരപ്രദേശത്ത് ജനിച്ചു വളർന്ന് പിന്നീട് സർക്കാർ ഫാർമസിസ്റ്റായി സഖ്യന്റെ മടിത്തട്ടിൽ ജീവിതം കരുപ്പിടിച്ച വ്യക്തിത്വം! ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റായി പ്രവർത്തി പരിചയമുള്ള ഒരാൾക്ക് ഏതു തൊഴിൽ മേഖലയിലും തിളങ്ങാൻ ആകുമെന്നതിന് ഉത്തമ ഉദാഹരണമാണ് ആരോഗ്യവകുപ്പിൽ നിന്ന് സ്റ്റോർ സൂപ്രണ്ടായി വിരമിച്ച ശ്രീ. ടി.ജി.ഷൈൻ.

ഫാർമസിയിൽ ഡിപ്ലോമ നേടിയെങ്കിലും മറ്റു വിവിധ മേഖലകളിൽ തന്റെ കഴിവുകൾ പ്രയോഗിക്കുന്നതിൽ വ്യാപൃതനായിരുന്നു അദ്ദേഹം. ബിരുദവും പത്രപ്രവർത്തനം, പബ്ലിക് റിലേഷൻസ് എന്നിവയിൽ പോസ്റ്റ് ഗ്രാജ്വേഷനും നേടിയ ശേഷം മലയാള മനോരമയുടെ കൊടുങ്ങല്ലൂർ ലേഖകനായി പ്രവർത്തിക്കുമ്പോഴാണ് സർക്കാർ ജോലി ലഭിക്കുന്നത്. ഒരു വ്യാജ ഡോക്ടർ തന്റെ അച്ഛന് വിറ്റാമിൻ എന്ന പേരിൽ തുടർച്ചയായി സ്റ്റിറോയ്ഡ് മരുന്നുകൾ കൊടുക്കുകയും അത് അദ്ദേഹത്തെ ഗുരുതരമായി ബാധിച്ചത് ഫാർമസി പഠന കാലയളവിൽ കണ്ടെത്തിയതുമാണ് ഫാർമസി വിദ്യാഭ്യാസത്തിലേക്ക് കൂടുതൽ ശ്രദ്ധയൂന്നാൻ തന്നെ പ്രേരിപ്പിച്ചതെന്ന് ഷൈൻ പറയുന്നു.

ഡിപ്ലോമ നേടിയതിന് ശേഷം തൃശ്ശൂർ ജില്ലയിൽ ഫാർമസി പ്രൊഫഷന്റെ ശരിയായ രീതിയിലുള്ള പ്രയോഗവൽക്കരണത്തിനും ഫാർമസിസ്റ്റുകൾക്ക് മിനിമം വേതനവും, പ്രൊഫഷണൽ അംഗീകാരവും നേടിയെടുക്കുന്നതിനും വേണ്ടി കേരള പ്രൈവറ്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ തൃശ്ശൂർ ജില്ലയിലെ സജീവ പ്രവർത്തകനായി.

നിരന്തരശ്രമങ്ങളുടെ ഫലമായി മിനിമം വേതനം പ്രവർത്തന സമയം തുടങ്ങിയ പത്ത് വ്യവസ്ഥകൾ കരാർ ഒപ്പിട്ട് മേഖലാ സെക്രട്ടറിയായിരുന്ന ഷൈന് നൽകിയാൽ മാത്രമേ തൃശ്ശൂർ




ജില്ലയിലെ തീരമേഖലയിൽ മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിക്കൂ എന്ന നില വരുത്തിയെടുക്കാൻഅദ്ദേഹത്തിന് കഴിഞ്ഞു.

1998 ലെ പാലക്കാട് ജില്ലാ പി.എസ്.സി ലിസ്റ്റ് വഴിയാണ് ആരോഗ്യവകുപ്പിൽ പ്രവേശിച്ചത്. പ്രഥമ നിയമനം തന്നെ വിദൂര ആദിവാസി ഊരുകളിൽ ആരോഗ്യ സേവനം എത്തിക്കുന്ന അട്ടപ്പാടി മൊബൈൽ മെഡിക്കൽ യൂണിറ്റിലായിരുന്നു. ചെറുപ്പത്തിന്റെ ഊർജ്ജസ്വലതയിൽ അട്ടപ്പാടിയിലെ എല്ലാ ഊരുകളിലും മരുന്നും ബോധവൽക്കരണവും സാന്ത്വനവുമായി എത്താൻ കഴിഞ്ഞു. അട്ടപ്പാടിയിൽ സേവനത്തിന് പേരുകേട്ട ഡോക്ടറായിരുന്ന ശ്രീ. പ്രഭുദാസിനോടൊപ്പമുള്ള, അട്ടപ്പാടി കാടുകളിലെ ആപത്തുനിറഞ്ഞ ആ സേവന കാലഘട്ടത്തെക്കുറിച്ചുള്ള ഷൈനിന്റെ സോഷ്യൽ മീഡിയ കുറിപ്പുകൾ രസകരങ്ങളാണ്.

ക്ലർക്ക് തസ്തികയില്ലാത്ത, ജെ.എച്ച്.ഐ. ഇല്ലാത്ത, ഡ്രൈവർ തസ്തികയിൽ എപ്പോഴും

ആളില്ലാത്ത ആ യൂണിറ്റിൽ ഓഫീസ് ജോലിക ളടക്കം മേൽപറഞ്ഞ എല്ലാ റോളുകളും നിർവഹി ക്കേണ്ടി വന്ന ആ പ്രാരംഭ പരിചയമാണ് കേരള ത്തിൽ ആദ്യമായി ഒരു എം.എൽ.എയുടെ സ്റ്റാഫ് ആയുംപിന്നീട് ഇന്ത്യയിൽ ആദ്യമായി ഒരു എം.പിയുടെ പേഴ്സണൽ സ്റ്റാഫ് ആയും ഒരു ഫാർമസിസ്റ്റ് നിയമിതനാകാൻ ഇടവരുത്തിയ തെന്ന് അദ്ദേഹം അനുസ്മരിക്കുന്നു.

കൊടുങ്ങല്ലൂരിൽ പത്രപ്രവർത്തകനാ യിരിക്കെ നടത്തിയ സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങളാണ് ശ്രീ. ഉമേഷ് ചള്ളിയിൽ എന്ന എംഎൽഎ യെ, ഷൈനിനെ തന്റെ പേഴ്സണൽ സെക്രട്ടറിയായി നിയമിക്കാൻ പ്രേരിപ്പിച്ചത്.

സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥർക്ക് മാത്രമേ, നിയമസഭാ ചുമതലകൾ ഒട്ടേറെയുള്ള ആ തസ്തികയിൽ പ്രവർത്തിക്കാനാകൂ എന്ന ധാരണയാണ് അഞ്ച് വർഷത്തെ സേവനത്തി ലൂടെ തുടക്കക്കാരൻ മാത്രമായ ഈ ഫാർമസിസ്റ്റ് തിരുത്തിയതും ഫാർമസിസ്റ്റുകളുടെ അഭിമാനമാ യതും.

സർക്കാർ ജോലിയുടെ മിനിമം സ്വസ്ഥത പോലുമില്ലാത്ത, വെല്ലുവിളികൾ ഒട്ടേറെയുള്ള ആ അപരിചിത മേഖല തെരഞ്ഞെടുക്കാൻ തീരു മാനമെടുത്തതിന് ഒരു കാരണം ഫാർമസിസ്റ്റു കൾക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമ ല്ലോ എന്നതായിരുന്നു.

പി എ ആയി ചാർജെടുത്ത ഉടൻതന്നെ കെ.ജി.പി.എയുടെ നേതാക്കളെ സമീപിച്ച് തന്റെ സ്ഥാനലബ്ധി അറിയിക്കുകയും തുടർന്നുള്ള അഞ്ചു വർഷങ്ങളിൽ നിരവധി നിയമസഭ ചോദ്യങ്ങളിലൂ ടെയും സബ്മിഷനുകളിലൂടെയും ഫാർമസി തസ്തികയും ഫാർമസിസ്റ്റുകളുടെ ആവശ്യങ്ങ ളും അന്നത്തെ സർക്കാരിന്റെ സജീവ ശ്രദ്ധയിൽ നിലനിർത്താൻ യത്നിക്കുകയും ചെയ്തു. സംഘടനയുടെ ഫയലുകൾ സെക്രട്ടറിയേറ്റിലെ ചുവപ്പുനാട കടത്തിവിടുന്നതിനും ഷൈനിന്റെ സേവനം ലഭ്യമായിരുന്നു എന്ന് അന്നത്തെ നേതാക്കൾ അനുസ്മരിക്കാറുണ്ട്.

തുടർന്ന് നെല്ലിയാമ്പതി ഓറഞ്ച് ഫാം, കേരള ആംഡ് പോലീസ് സെക്കൻഡ് ബറ്റാലിയൻ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുമ്പോൾ നാമമാത്രമായി പ്രവർത്തിച്ചിരുന്ന ആ സ്ഥാപന ങ്ങളിലെ ഫാർമസികളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിൽ പ്രധാന പങ്കു വഹിച്ചു.ആ കാലത്താണ് പോലീസ് ബറ്റാലിയനുകളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് നേടിയെ ടുത്തതും ബറ്റാലിയൻ ഫാർമസി ആധുനിക വൽക്കരിച്ചതും.

തുടർന്ന് വ്യത്യസ്തമായ ഒരു മേഖല യിലേക്ക് തിരിഞ്ഞ്,കേരളത്തിൽ ആദ്യമായി എല്ലാ ജില്ലകളിലും ഫാർമസി കൗൺസിൽ ഇൻസ്പെക്ടർമാരെ നിയമിച്ചപ്പോൾ പാലക്കാട് ജില്ലയുടെ പ്രഥമ ഫാർമസി ഇൻസ്പെക്ടറായി നിയമിതനായി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മരുന്ന് പാക്കറ്റുകൾക്കിടയിൽ ഒളിപ്പിച്ച്, മരസ്റ്റൂൾ ഇരിപ്പിടമാക്കി ഒതുങ്ങി കഴിഞ്ഞ സ്വകാര്യ ഫാർമസിസ്റ്റുകൾക്ക് കടകളിൽ വ്യക്തിത്വവും പ്രൊഫഷണൽ മാന്യതയും ഉണ്ടാക്കാൻ അദ്ദേഹത്തിന്റെ കാലഘട്ടത്തിനായി.

യൂണിഫോം അണിഞ്ഞ് നെയിം ബോർഡും ഇരിക്കാൻ കസേരയുമായി ഫാർമസിസ്റ്റുകൾ ജില്ലയിലെ ഫാർമസികളിൽ പ്രത്യക്ഷപ്പെട്ട ഒരു കാലമായിരുന്നു അതെന്ന് പാലക്കാട് ജില്ലയിലെ പ്രവർത്തകർ അനുസ്മരിക്കുന്നു.

വ്യാജ ഫാർമസി കോഴ്സുകൾ നിർത്തലാ ക്കുന്നതിനും ഡോക്ടർമാരുടെ ക്ലിനിക്കുകളിൽ ഫാർമസിസ്റ്റ്മാരെ നിയമിപ്പിക്കുന്നതിനും അ ദ്ദേഹം അന്നത്തെ ഫാർമസി കൗൺസിലിനോ ടൊപ്പം ശക്തമായി നിലകൊണ്ടു. കൗൺസി ലിന്റെ നിർദ്ദേശ പ്രകാരം ഫാർമസിസ്റ്റുകൾക്ക് വേണ്ടി ആദ്യമായി സർവ്വീസ് ബുക്ക് നടപ്പിലാക്കി യത് ഒരു നവീന സംരഭമായി മാറി.

പിന്നീട് ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ ആയി പ്രമോഷനായി ആലത്തൂർ താലൂക്ക് ആശുപത്രി യിൽ പ്രവർത്തിക്കുമ്പോഴാണ് വ്യത്യസ്തമായ മറ്റൊരു നിയോഗം ഷൈനിനെ തേടിവന്നത്. എംഎൽഎയുടെ സ്റ്റാഫ് എന്ന നിലയിൽ കൊടു ങ്ങല്ലൂരിൽ നടത്തിയ കഴിവുറ്റ പ്രവർത്തനങ്ങൾ

കേട്ടറിഞ്ഞ പാലക്കാട് എം.പി. ശ്രീ. വി. കെ ശ്രീകണ്ഠൻ സ്നേഹപൂർണ്ണമായ നിർബന്ധത്തോടെഷൈനിനെ തന്റെ ഔദ്യോഗിക പേഴ്സണൽ സ്റ്റാഫ് ആയി നിയമിക്കുകയായിരുന്നു. അങ്ങനെ ചരിത്രത്തിൽ ആദ്യമായി ഒരു ഫാർമസിസ്റ്റ് ഒരു എംപിയുടെ പേഴ്സണൽ സ്റ്റാഫ് അംഗമായി ! പാർലമെന്റ് നടപടിക്രമങ്ങളുമായി വളരെ വേഗം പരിചയപ്പെട്ട് ആ ഭാരിച്ച ചുമതലയും സ്തുത്യർഹമായി നിർവഹിക്കുമ്പോഴാണ് സ്റ്റോർ സൂപ്രണ്ട് പ്രമോഷന് വേണ്ടി ഡെപ്യൂട്ടേഷൻ ഉപേക്ഷിച്ചത്. പാർലമെൻറ് പ്രവർത്തന കാലഘട്ടത്തിൽ ദേശീയ ആരോഗ്യ പദ്ധതികളിൽ ഫാർമസിസ്റ്റുകൾ അവഗണിക്കപ്പെടുന്നത്, ഫാർമസി കൗൺസിൽ പുനസംഘടന, ഫാർമസി നിയമങ്ങളുടെ ഭേദഗതി തുടങ്ങിയവയും പാർലമെൻറിന്റെ ശ്രദ്ധയിൽ എം.പി മുഖേന കൊണ്ടുവരുന്നതിനും നിരന്തര ശ്രമങ്ങൾ നടത്തി. കൊച്ചി കരിവേലിപ്പടി ഗവൺമെന്റ് വിക്ടോറിയ താലൂക്ക് ആശുപത്രിയിൽ സ്റ്റോർ സൂപ്രണ്ട് ആയി റിട്ടയർ ചെയ്യുമ്പോൾ കേരളത്തിലെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് കമ്മിറ്റി ഫാർമസി വിഭാഗം അസ്സസ്സറായിരുന്നു.

വിവിധ ഔദ്യോഗിക മേഖലകളോടൊപ്പം സാംസ്കാരികം, സാഹിത്യം, സിനിമ മേഖലകളിൽ ഒക്കെ സാന്നിധ്യം പ്രകടമാക്കിയ ഈ ഫാർമസിസ്റ്റ്, ഫാർമസിസ്റ്റുകളുടെ പ്രശ്നങ്ങൾ തന്റെ പത്ര, മാധ്യമ ബന്ധങ്ങളുടെ ബലത്തിൽ വിവിധ മാധ്യമങ്ങളിൽ തുടർച്ചയായി അവതരിപ്പിക്കുന്നതിനും സമയം കണ്ടെത്തി. ജി.ഫാംസ് എന്ന വാട്ട്സ് ആപ്പ് കൂട്ടായ്മക്ക് നേതൃത്വം നൽകുന്ന അദ്ദേഹം ഫാർമസിസ്റ്റുകൾ സ്ഥാപനങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരം നിർദ്ദേശിക്കുന്നതിനും മുന്നിലുണ്ട്.

നിരീക്ഷണത്തിലൂടെയും വായനയിലൂടെയും ആധുനിക മരുന്നുകൾ, ചികിത്സാരീതികൾ, അവ ലഭ്യമായ ആശുപത്രികൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ സമാഹരിച്ച് ഡ്രഗ് / ട്രീറ്റ്മെൻറ് കൗൺസിലർ എന്ന നിലയിലും പ്രവർത്തിക്കുന്നു.

വ്യക്തിപരവും, ഔദ്യോഗികവുമായ വിവരങ്ങൾ രേഖപെടുത്തി ഓരോരുത്തരുടെയും ജീവിതം പ്ലാൻ ചെയ്യുന്നതിനുള്ള 'മൈ ബുക്ക് ' എന്ന ഓർഗനൈസർ ഡയറിയുടെ പ്രവർത്തനങ്ങളിലും വ്യാപൃതനാണ്.

ഫാർമസിസ്റ്റിന്റേത് ഒരു അപൂർവ്വ പ്രൊഫഷൻ ആണെന്ന് ഷൈൻ പറയുന്നു. കേരളത്തിലെ ഒരു സർക്കാർ ഫാർമസിയിലെ 'ഏകാംഗ സൈന്യ'മായി പ്രവർത്തിച്ചിട്ടുള്ള ഒരു ഫാർമസിസ്റ്റിന് ലോകത്തിലെ ഏതൊരു തൊഴിലിലും തിളങ്ങാൻ കഴിയുമെന്നതിന് ഉത്തമോദാഹരണമാണ് ഈ വ്യത്യസ്തനായ ഫാർമസിസ്റ്റിന്റെ ഔദ്യോഗിക ജീവിതം.

## സർവ്വീസിൽ നിന്നും വിരമിച്ചവർ



**ഹേമലത**
**SVO**



**പ്രസാദ് വി. പി.**
**PSK തളിപ്പറമ്പ്**



**സുജ ഐസക്**
**താലൂക്ക് ആശുപത്രി, പാമ്പാടി**




എറണാകുളം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി



തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കലണ്ടർ/ബുള്ളറ്റിൻ വിതരണം




തൃശൂർ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഏകദിന പഠന ക്ലാസ്സും നേതൃത്വ പരിശീനവും

PHARMACY BULLETIN Book No. 18 Vol. 2 February 2025




എം.എൻ.വി.ജി. അടിയോടി സ്മൃതി ദിനത്തിൽ സംസ്ഥാന ഭാരവാഹികൾ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുന്നു

Printed and Published by : M S Manoj Kumar, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: T G Manoj Ph: 9747594837